**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4526** **01-07-2024 - ൽ മറുപടിയ്ക്ക്**

**അനെർട്ടിന്റെ സോളാർ പാനൽ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വീടുകളിൽ സോളാർ പാനൽ സ്ഥാപിക്കുന്നതിനുള്ള എത്ര അപേക്ഷകളാണ് അനെർട്ടിന് ലഭിച്ചതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വീടുകളിൽ സോളാർ പാനൽ സ്ഥാപിക്കുന്നതിനുള്ള ആകെ 6,133 അപേക്ഷകളാണ് അനെർട്ടിന് ലഭിച്ചത്. ജില്ല തിരിച്ചുള്ള കണക്ക് **അനുബന്ധമായി** ചേർക്കുന്നു. |
| (ബി) | പ്രസ്തുത അപേക്ഷകളുടെ അടിസ്ഥാനത്തിൽ 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ എത്ര വീടുകളിൽ പാനൽ സ്ഥാപിച്ചുവെന്ന് അറിയിക്കാമോ; | (ബി) | പുരപ്പുറ സോളാർ പദ്ധതിയുടെ ഭാഗമായി പ്രാരംഭ ഘട്ടത്തിൽ 6133 അപേക്ഷകർ ബൈ മൈ സൺ പോർട്ടൽ വഴി രജിസ്റ്റർ ചെയ്തെങ്കിലും പവർ പ്ലാന്റ് സ്ഥാപിക്കുന്ന ഏജൻസിയെ പോർട്ടൽ വഴി സെലക്ട് ചെയ്ത് ഗുണഭോക്തൃ വിഹിതം അടച്ച് പദ്ധതി പൂർത്തീകരിക്കാൻ തയ്യാറായത് 2625 അപേക്ഷകർ മാത്രമാണ്. ഇപ്രകാരം 2625 അപേക്ഷകർക്ക് സബ്സിഡിയിനത്തിൽ ആകെ 11,89,71,151/- (പതിനൊന്നു കോടി എൺപത്തിഒൻപതു ലക്ഷത്തി എഴുപത്തിയൊന്നായിരത്തി നൂറ്റി അൻപത്തിയൊന്നു രൂപ) യാണ് അനുവദിച്ചത്.<br><br>ഇപ്പോൾ കേന്ദ്ര നവ പുനരുപയോഗ ഊർജ്ജ മന്ത്രാലയം (എം.എൻ.ആർ.ഇ.) വീടുകളിൽ സബ്സിഡിയോടുകൂടിയ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്ന കേന്ദ്ര പദ്ധതിയായ '**പി.എം. സൂര്യ ഘർ**' പ്രഖ്യാപിക്കുകയും പഴയ സബ്സിഡി പദ്ധതികൾ നിർത്തലാക്കുകയും ചെയ്തു. പ്രസ്തുത പദ്ധതിയിൽ സബ്സിഡി വർദ്ധിപ്പിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം നിലവിൽ 1 kW സിസ്റ്റത്തിന് 30,000 രൂപയും 2 kW സിസ്റ്റങ്ങൾക്ക് 60,000 രൂപയും 3 kW അല്ലെങ്കിൽ ഉയർന്ന സിസ്റ്റങ്ങൾക്ക് 78,000 രൂപയുമാണ് സബ്സിഡി നൽകുന്നത്.<br><br>സ്കീമിന് കീഴിലുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് https://pmsuryaghar.gov.in എന്ന പോർട്ടലിൽ രജിസ്റ്റർ ചെയ്യാം. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പദ്ധതിയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ; പദ്ധതിയിലൂടെ ഉപഭോക്താക്കൾക്ക് ലഭിക്കുന്ന സബ്സിഡി തുക എത്രയാണെന്ന് അറിയിക്കാമോ? | (സി) | പുരപ്പുറ സോളാർ പദ്ധതിയുടെ ഭാഗമായി പ്രാരംഭ ഘട്ടത്തിൽ 6133 അപേക്ഷകർ ബൈ മൈ സൺ പോർട്ടൽ വഴി രജിസ്റ്റർ ചെയ്തെങ്കിലും പവർ പ്ലാന്റ് സ്ഥാപിക്കുന്ന ഏജൻസിയെ പോർട്ടൽ വഴി സെലക്ട് ചെയ്തു ഗുണഭോക്തൃ വിഹിതം അടച്ച് പദ്ധതി പൂർത്തീകരിക്കാൻ തയ്യാറായത് 2625 അപേക്ഷകർ മാത്രമാണ്. ഇപ്രകാരം 2625 അപേക്ഷകർക്ക് സബ്സിഡിയിനത്തിൽ ആകെ 11,89,71,151/- (പതിനൊന്നു കോടി എൺപത്തിഒൻപതു ലക്ഷത്തി എഴുപത്തിയൊന്നായിരത്തി നൂറ്റി അൻപത്തിയൊന്നു രൂപ) യാണ് അനുവദിച്ചത്.<br><br>ഇപ്പോൾ കേന്ദ്ര നവ പുനരുപയോഗ ഊർജ്ജ മന്ത്രാലയം (എം.എൻ.ആർ.ഇ.) വീടുകളിൽ സബ്സിഡിയോടുകൂടിയ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്ന കേന്ദ്ര പദ്ധതിയായ '**പി.എം. സൂര്യ ഘർ**' പ്രഖ്യാപിക്കുകയും പഴയ സബ്സിഡി പദ്ധതികൾ നിർത്തലാക്കുകയും ചെയ്തു. പ്രസ്തുത പദ്ധതിയിൽ സബ്സിഡി വർദ്ധിപ്പിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം നിലവിൽ 1 kW സിസ്റ്റത്തിന് 30,000 രൂപയും 2 kW സിസ്റ്റങ്ങൾക്ക് 60,000 രൂപയും 3 kW അല്ലെങ്കിൽ ഉയർന്ന സിസ്റ്റങ്ങൾക്ക് 78,000 രൂപയുമാണ് സബ്സിഡി നൽകുന്നത്.<br><br>സ്കീമിന് കീഴിലുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് https://pmsuryaghar.gov.in എന്ന പോർട്ടലിൽ രജിസ്റ്റർ ചെയ്യാം. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| Sl. No. | Districts | No. of Registrations |
|---|---|---|
| 1 | Thiruvananthapuram | 1330 |
| 2 | Kollam | 458 |
| 3 | Pathanamthitta | 279 |
| 4 | Alappuzha | 624 |
| 5 | Kottayam | 269 |
| 6 | Idukki | 87 |
| 7 | Ernakulam | 656 |
| 8 | Thrissur | 682 |
| 9 | Palakkad | 573 |
| 10 | Malappuram | 179 |
| 11 | Kozhikode | 219 |
| 12 | Wayanad | 133 |
| 13 | Kannur | 496 |
| 14 | Kasaragod | 148 |
| **Total** | | **6133** |

സെക്ഷൻ ഓഫീസർ